**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 27** | **22-07-2021 - ൽ മറുപടിയ്ക്ക്**

**ഇന്ധനവില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു.എ.ലത്തീഫ്** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ഏതെല്ലാം നികുതികളാണ് സംസ്ഥാന സർക്കാർ ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പെട്രോൾ, ഡീസൽ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ വില്പന നികുതി, അധിക വില്പന നികുതി, സെസ്സ് എന്നിവ ഈടാക്കുന്നുണ്ട്. |
| (ബി) | ഓരോ നികുതിയും എത്ര ശതമാനം വീതമാണ് ഈടാക്കുന്നത്; | (ബി) | നിലവിൽ പെട്രോളിന് വില്പന നികുതി 30.08%-ഉം, അധിക വില്പന നികുതി ലിറ്ററിന് ഒരു രൂപ എന്ന നിരക്കിലും, വില്പന നികുതിയുടേയും അധിക വില്പന നികുതിയുടേയും 1% എന്ന നിരക്കിൽ സെസ്സും ഈടാക്കുന്നു. ഡീസലിന് വില്പന നികുതി 22.76%-ഉം, അധിക വില്പന നികുതി ലിറ്ററിന് ഒരു രൂപ എന്ന നിരക്കിലും, വില്പന നികുതിയുടേയും അധിക വില്പന നികുതിയുടേയും 1% എന്ന നിരക്കിൽ സെസ്സും ഈടാക്കുന്നു. |
| (സി) | അനിയന്ത്രിതമായി ഇന്ധന വില വർദ്ധിക്കുന്നതുമൂലം ദുരിതത്തിലായ ജനവിഭാഗങ്ങൾക്ക് ആശ്വാസം പകരുന്നതിനായി നികുതിയിളവ് നൽകുന്നതിനോ നികുതി ഒഴിവാക്കുന്നതിനോ നടപടി സ്വീകരിക്കുമോ; | (സി) | പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ സംസ്ഥാന പൊതുവില്പന നികുതിയും, കേന്ദ്ര നികുതികളും ഉൾപ്പെടുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 31-05-2018-ലെ എസ്.ആർ.ഒ. നം.345/2018 പ്രകാരം പെട്രോളിന്റെ സംസ്ഥാന നികുതി 31.80%-ൽ നിന്നും 30.08%-ഉം ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52%-ൽ നിന്നും 22.76% ആയും കുറയ്ക്കുകയുണ്ടായി. 01-06-2018 മുതൽ ഈ നിരക്ക് പ്രാബല്യത്തിൽ വന്നു. എന്നാൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പല തവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധനവില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് കുറയുന്നതാണ്. |
| (ഡി) | ഇന്ധനവില വർദ്ധനവ് അവശ്യവസ്തുക്കളുടെ വിലയിലും യാത്രാ ചാർജ്ജിലും ഉണ്ടാക്കിയേക്കാവുന്ന വർദ്ധനവ് കണക്കിലെടുത്ത് ജനങ്ങൾക്ക് ഉണ്ടാകുന്ന | (ഡി) | 01.06.2018 മുതൽ പെട്രോളിന്റെ സംസ്ഥാന നികുതി 31.80% ൽ നിന്നും 30.08% ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52%-ൽ നിന്നും 22.76% |

| | | | |
|---|---|---|---|
| | അധികബാധ്യത ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | | ആയും കുറയുകയുണ്ടായി. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വില വർദ്ധനവിന് കാരണമാകുന്നുണ്ട്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്. അതിന് കേന്ദ്ര സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്താൻ എല്ലാ രാഷ്ട്രീയകക്ഷികളും തയ്യാറാകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ